പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.*403

14/11/2019-ൽ മറുപടിയ്ക്ക്

## സർക്കാർ സ്കൂളുകളുടെ വികസന ലക്ഷ്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ കോവൂർ കുഞ്ഞുമോൻ<br>ശ്രീ കെ.ബി.ഗണേഷ് കുമാർ<br>ശ്രീ സി.കെ.നാണു | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനും നിലവാര വർദ്ധനവിനും ഏറ്റവും അനിവാര്യമായ ഘടകം എന്ന നിലയിൽ പ്രൈമറി മുതൽ ഹയർ സെക്കന്ററി തലം വരെയുള്ള സർക്കാർ സ്കൂളുകളുടെ അടിസ്ഥാന പശ്ചാത്തല വികസന ലക്ഷ്യങ്ങളിൽ ഈ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളും കൈവരിക്കുവാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങളും വിശദമാക്കുമോ; | (എ) പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനും നിലവാര വർദ്ധനവിനും വേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം' എന്ന പേരിൽ പ്രത്യേക പദ്ധതി തന്നെ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരികയാണ്. പദ്ധതിയുടെ ഭാഗമായി കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ നേതൃത്വത്തിൽ (കൈറ്റ്) നടപ്പിലാക്കിയ ഹൈടെക് സ്കൂൾ പദ്ധതി, പ്രൈമറി വിഭാഗം സ്കൂളുകൾക്കുള്ള ഹൈടെക് ലാബ് പദ്ധതി എന്നിവയോടൊപ്പം ഒരു നിയോജക മണ്ഡലത്തിൽ ഒരു സ്കൂൾ എന്ന നിലയിൽ സംസ്ഥാനമൊട്ടാകെ 141 സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്ന പദ്ധതി തുടങ്ങിയവ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. മികവിന്റെ കേന്ദ്രങ്ങളാക്കുവാൻ തെരഞ്ഞെടുത്ത 141 സ്കൂളുകളിൽ 9 സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് കെട്ടിടം സ്കൂൾ അധികൃതർക്ക് കൈമാറി. 3 സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കി ഈ മാസം കൈമാറാൻ കഴിയുമെന്ന് കരുതുന്നു. 48 സ്കൂളുകളിൽ 60% ത്തിലധികം പണികൾ കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ള സ്കൂളുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.<br><br>ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് 3 കോടി രൂപ വീതം കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് ഭരണാനുമതി ലഭിച്ച 213 സ്കൂളുകളിൽ 70 സ്കൂളുകളുടെ നിർമ്മാണം ആരംഭിക്കുകയും അതിൽ 7 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. 115 സ്കൂളുകൾക്ക് കിഫ്ബിയുടെ അനുമതി ലഭ്യമായിട്ടുള്ളതിൽ 26 സ്കൂളുകളുടെ |

നിർമ്മാണത്തിനായി കൈറ്റ് ടെണ്ടർ നടപടികൾ പൂർത്തിയാക്കി വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. 39 സ്കൂളുകളുടെ നിർമ്മാണ ചുമതല എസ്.പി.വി ആയ ഇൻകലിന് നൽകിയിട്ടുള്ളതിൽ 25 സ്കൂളുകളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ 2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 1000 കുട്ടികളിൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന 166 സ്കൂളുകൾക്ക് ഭരണാനുമതി നൽകി നിർമ്മാണ പ്രവർത്തനങ്ങൾക്ക് എസ്.പി.വി ആയി ഇൻകലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 500 നും 1000നും ഇടയിൽ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകൾക്ക് ഭരണാനുമതി നൽകി നിർമ്മാണ പ്രവർത്തനത്തിനുള്ള എസ്.പി.വി ആയി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

4752 സ്കൂളുകളിലെ 8 മുതൽ 12 വരെ ക്ലാസ്സുകളിലെ 45,000 ക്ലാസ്സ് മുറുകൾ ഇതിനകം ഹൈടെക്ക് ആയി. 9941 പ്രൈമറി സ്കൂളുകളെ ഹൈടെക്കാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

ക്ലാസ് മുറികൾ സാങ്കേതികവിദ്യാ സൗഹൃദമാക്കി പഠന പ്രവർത്തനങ്ങളുടെ പോഷണത്തിന് 'സമഗ്ര' പോർട്ടലിന്റെ സേവനം പ്രയോജനപ്പെടുത്തുന്നു. അദ്ധ്യാപക ശാക്തീകരണപരിപാടികൾ നടത്തിവരികയും ചെയ്യുന്നു.

കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 2016-17 സാമ്പത്തിക വർഷം 1874 ലക്ഷം രൂപയുടേയും 2017-18 സാമ്പത്തിക വർഷം 16440.34 ലക്ഷം രൂപയുടേയും 2018-19 സാമ്പത്തിക വർഷം 24454.04 ലക്ഷം രൂപയുടേയും നിർമ്മാണ പ്രവർത്തനങ്ങൾക്കായി 351 സ്കൂളുകൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

ഇതിന്റെയെല്ലാം ഫലമായി പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ രീതിയിൽ വർദ്ധനവുണ്ടായിക്കൊണ്ടിരിക്കുന്നു. എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷാ റിസൾട്ടുകളിലും മികവ് വർദ്ധിച്ചു വരുന്നു.

(ബി) പ്രൈമറി മുതൽ ഹയർ സെക്കന്ററി വരെയുള്ള ക്ലാസ്സുകൾ സംയുക്തമായി പ്രവർത്തിച്ചുവരുന്ന സർക്കാർ സ്കൂളുകളുടെ ഭരണ നിർവ്വഹണ അധികാരം ഏക പ്രധാനാ ധ്യാപകനിൽ നിക്ഷിപ്തമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടായെന്നും ഇല്ലെങ്കിൽ വിശദാംശങ്ങൾ എന്തൊക്കെയെന്നും അറിയിക്കുമോ?

(ബി) ഒന്നു മുതൽ പന്ത്രണ്ടാം ക്ലാസുവരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിയന്ത്രണവും ഏകോപനവും നിലവിലുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹയർ സെക്കന്ററി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർ സെക്കന്ററി എന്നിവ സംയോജിപ്പിച്ച് ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യൂക്കേഷൻ എന്ന പുതിയ പൊതു സംവിധാനത്തിന്റെ കീഴിൽ രൂപീകരിച്ച് നിലവിലുള്ള ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കന്ററി എന്നീ സ്കൂൾതല സംവിധാനങ്ങൾ അതേപോലെ തുടർന്നു വരുന്നു. ഉപജില്ല, ജില്ലാ വിദ്യാഭ്യാസ ഡയറക്ടറേറ്റുകൾ, ഹയർ സെക്കന്ററി ഡയറക്ടറേറ്റുകൾ, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾ, വൊക്കേഷണൽ ഡയറക്ടറേറ്റ് എന്നിവ തൽസ്ഥിതിയിൽ തന്നെ തുടർന്നു വരികയാണ്.

Namitha. P

**സെക്ഷൻ ഓഫീസർ**